# മുഖ്യമന്ത്രിക്ക് ചാലിയാർ തീരവാസികളുടെ നിവേദനം

**സി. സുരേന്ദ്രനാഥ്**

കോഴിക്കോട്: മാർച്ച് 30: മാവൂർ ഗ്വോളിയോർ റയോൺസിൻെറ ദുരിതങ്ങൾ

വർഷങ്ങളായി ഏറ്റുവാങ്ങുകയായിരുന്ന ചാലിയാർ തീരവാസികൾ മുഖ്യമന്ത്രി ഇ.കെ. നായനാർക്ക് നിവേദനം അയച്ചു. തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകി ഫാക്ടറി അടച്ചു പൂട്ടുന്നത് സംബന്ധിച്ച് കേരള സർക്കാരിൻെറ അദ്ധ്യക്ഷതയിൽ മാനേജ്മെൻറും തൊഴിലാളി സംഘടനകളും തമ്മിൽ നടക്കുന്ന ചർച്ചയുടെ പശ്ചാത്തലത്തിലാണ്.

1963 മുതൽ 1999 മെയ് മാസം വരെയുള്ള ഫാക്ടറി മലിനീകരണത്തിൻെറ ആഘാതമേറ്റവർക്കുള്ള നഷ്ടപരിഹാരവും അന്തരീക്ഷ മലിനീകരണം മൂലം അസന്തുലിതമായ പരിസ്ഥിതി പുനരുദ്ധാരണവും കമ്പനി മാനേജ്മെൻറിനെ കൊണ്ട് ഏറ്റെടുപ്പിക്കുക. ഫാക്ടറിക്കെതിരെ സംഘടനകളും മലിനീകരണനിയന്ത്രണബോർഡും സമർപ്പിച്ചിട്ടുള്ള കോടതിക്കേസ്സുകളിൽ നടത്തുന്ന ഒത്തു തീർപ്പുകൾ നിയമവ്യവസ്ഥകൾക്കും നീതിന്യായ സങ്കല്പങ്ങൾക്കും നിരക്കുന്നതായിരിക്കം. ഫാക്ടറിയിലെ എല്ലാ തരം തൊഴിലാളികൾക്കും അർഹമായ നഷ്ടപരിഹാരം നൽകുക.

പൊതു താല്പര്യപ്രകാരം പൊതു ജനങ്ങളിൽ നിന്ന് ഏറ്റെടുത്ത് കൈമാറിയ 100കണക്കിന് ഏക്കർ സ്ഥലം സർക്കാർ മറ്റ് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി സർക്കാർ ഏറ്റെടുക്കുകയോ യഥാർത്ഥ അവകാശികൾക്ക് നൽകുകയോ ചെയ്യുക. ഒരു കാരണവശാലും മലിനീകരണവും പ്രകൃതിവിഭവങ്ങളുടെ അമിതമായ ചൂഷണം ലക്ഷ്യംവയ്ക്കുന്നതുമായ ഫാക്ടറികൾ ഒന്നും തന്നെ ചാലിയാർ തീരത്ത് പുനസ്ഥാപിക്കരുത്. ഇക്കാലമത്രയും ബിർളക്കു നൽകിയ സൗജന്യങ്ങളുടെ പാരിസ്ഥിതിക സാമൂഹ്യ സാമ്പത്തിക നഷ്ടം എത്രയെന്ന് വെളിപ്പെടുത്തുക. മലിനീകരണമുക്തമായ ആധുനിക വ്യാപാര ശൃംഗല സ്ഥാപിച്ച് മാവൂരിലെ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നത് സംബന്ധിച്ച് ചാലിയാർ സമരം ഏകോപന സമിതി തൊഴിൽ പുനരധിവാസ വകുപ്പിന് സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങൾ ചർച്ച ചെയ്യാൻ സർക്കാർ തയ്യാറാവുക. തുടങ്ങിയ 9 നിർദ്ദേശങ്ങളാണ് മുഖ്യമന്ത്രിക്കു നൽകിയ നിവേദനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.